# പോലീസ് വകുപ്പ്
# കേരളം

**No. E2-2006/2017/KAP-I**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
തൃശ്ശൂർ
cmdtkap1.pol@kerala.gov.in
04872328309
തീയതി. 14-06-2018

ലേലപരസ്യം

കെഎപി ഒന്നാം ബറ്റാലിയനിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ട്മെൻറിന് ഉപയോഗ്യമല്ലാത്തതുമായ താഴെ കൊടുത്തിരിക്കുന്ന വകുപ്പ് വാഹനങ്ങൾ 16-07-2018 തിയതി രാവിലെ 11.00 മണിക്ക് തൃശ്ശൂർ രാമവർമ്മപുരത്തുള്ള കെഎപി ഒന്നാം ബറ്റാലിയൻ പരിസരത്ത് വച്ച് പൊതുലേലത്തിൽ വിൽപ്പന നടത്തുന്നതാണ് .

| ക്രമ നമ്പർ | വാഹനത്തിൻറെ നമ്പർ / പേര് | മോഡൽ | നിരതദ്രവ്യം |
|---|---|---|---|
| 1 | KL 01 X 9286(MAHEENDRA JEEP ) | 2002 | ₹5,000/- |
| 2 | KL 01 X 9038(MAHEENDRA JEEP ) | 2002 | ₹6,000/- |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് 1 മണിക്കൂർ മുൻപ് മുകളിൽ പറഞ്ഞിരിക്കുന്ന തുക നിരതദ്രവ്യമായി ഓരോ ഇനത്തിനും കെട്ടി വയ്ക്കേണ്ടതുമാണ് .ലേലത്തിൽ മുദ്ര വെച്ച ടെണ്ടറുകളും സ്വീകരിക്കുന്നതാണ് .ടെണ്ടറുകൾ നൽകാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി സീൽ ചെയ്ത കവറിൽ ടെണ്ടറുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 11-07-2018 തിയതി വൈകുന്നേരം 4 മണിക്ക് മുൻപായി കെഎപി ഒന്നാം ബറ്റാലിയൻ ഓഫീസിൽ കിട്ടത്തക്ക വിധം അയച്ചുതരേണ്ടതും കവറിന് പുറത്ത് "വാഹന ,ലേലത്തിനുള്ള ടെണ്ടർ" എന്ന് വ്യക്തമായി എഴുതേണ്ടതാണ് .ഇങ്ങനെ ടെണ്ടറുകൾ അയക്കുന്നവർ ആയത് അയക്കുന്നതിന് മുൻപായി നിരത ദ്രവ്യം ഈ ഓഫീസിലേക്ക് കെട്ടിവയ്ക്കേണ്ടതും ആയതിന് ലഭിക്കുന്ന രസീതി ടെണ്ടറിനോടൊപ്പം അടക്കം ചെയ്യേണ്ടതുമാണ് .

ലേലം അവസാനിച്ചയുടൻ ടെണ്ടറുകൾ അവ നൽകിയവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും ലേലം /ടെൻഡർ ഇവയിൽ ഏതിലാണോ കൂടുതൽ തുക കാണുന്നത് ടിയാൾക്ക് താൽക്കാലികമായി ലേലം ഉറപ്പിക്കുന്നതും ടിയാൻ ഉടൻ തന്നെ ലേലത്തുകയുടെ പകുതി ലേലസ്ഥലത്ത് വച്ച് അടക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് ലഭിച്ചാലുടൻ (നിരതദ്രവ്യം കഴിച്ചുള്ള )ബാക്കി തുകയും മുഴുവൻ തുകയുടെ വിൽപ്പന നികുതിയും അടച്ച് ലേല വസ്തുക്കൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ് .

G. Poonguzhali

പൂങ്കുഴലി ജി
കമാണ്ടൻറ്

പകർപ്പ് : സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം (ഉപരിപത്രം സഹിതം), ഡിഐജി ,എപി ബറ്റാലിയൻ ,തിരുവനന്തപുരം (ഉപരിപത്രം സഹിതം) എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും എസ്പി (എംടി) പിഎച്ച്ക്യൂവിനും കമാണ്ടൻറുമാർക്കും പ്രചാരണത്തിനായി പോലീസ് ഡയറക്ടർ ജനറൽ ,എസ്സിആർബി ക്കു വെബ് സൈറ്റ് പ്രചാരണത്തിനായി (ഉപരിപത്രം സഹിതം) .സൂപ്രണ്ട് ഓഫ് ഗവൺമെൻറ് പ്രസ്സ് ,തിരുവനന്തപുരം ക്കു ഗസറ്റിൽ

പരസ്യപ്പെടുത്തുന്നതിന്( ഉപരിപത്രം സഹിതം ).ഡയറക്ടർ ,പബ്ലിക് റിലേഷൻസ് വകുപ്പ് ,തിരുവനന്തപുരം ക്കു പത്ര മാധ്യമങ്ങളിൽ പരസ്യപ്പെടുത്തുന്നതിന്( ഉപരിപത്രം സഹിതം),സെക്രട്ടറി ,തൃശ്ശൂർ കോർപ്പറേഷൻ (പ്രചാരണത്തിനായി) .എല്ലാ ലേല ബോർഡ് അംഗങ്ങൾക്കും അറിവിലേക്കായി . നോട്ടീസ് ബോർഡ് ,സ്റ്റോക്ക് ഫയൽ .